# പതിമൂന്നാം കേരള നിയമസഭ

## ഒൻപതാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 4013** **26.06.2013-ലെ മറുപടിക്ക്**

**പുതിയ മെഡിക്കൽ കോളേജ് തുടങ്ങാൻ പദ്ധതി**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി :<br>ശ്രീ. വി. റ്റി. ബൽറാം :<br>ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :<br>ശ്രീ. പാലോട് രവി : | ശ്രീ. വി. എസ്. ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്ത് നിലവിലുള്ള സർക്കാർ ആശുപത്രികളെ സംയോജിപ്പിച്ചുകൊണ്ട് പുതിയ മെഡിക്കൽ കോളേജ് തുടങ്ങാൻ പദ്ധതി രൂപീകരിച്ചിട്ടുണ്ടോ ; വിശദമാക്കുമോ ; | (എ) തിരുവനന്തപുരത്തെ ജനറൽ ആശുപത്രിയുടെയും തൈക്കാട് സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രിയുടേയും സൗകര്യങ്ങൾ സംയോജിപ്പിച്ചുകൊണ്ട് തിരുവനന്തപുരത്തും, മഞ്ചേരി ജനറൽ ആശുപത്രിയുടെ സൗകര്യങ്ങൾ പ്രയോജനപ്പെടുത്തിക്കൊണ്ട് മഞ്ചേരിയിലും, ഇടുക്കി ജില്ലാ ആശുപത്രിയുടെ സൗകര്യങ്ങൾ പ്രയോജനപ്പെടുത്തിക്കൊണ്ട് ഇടുക്കിയിലും പുതിയ മെഡിക്കൽ കോളേജുകൾ ആരംഭിക്കാനാണ് തീരുമാനിച്ചിട്ടുള്ളത്. |
| (ബി) ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണ് , വിശദാംശങ്ങൾ എന്തെല്ലാം ; | (ബി) നിലവിലുള്ള സംവിധാനങ്ങൾ ഉപയോഗപ്പെടുത്തി ഉന്നത വിദ്യാഭ്യാസത്തിനുള്ള അവസരം വർദ്ധിപ്പിക്കുക എന്നതാണ് ഇതിന്റെ മുഖ്യലക്ഷ്യം. ഇതോടൊപ്പം നിലവിലുള്ള ആശുപത്രികളുടെ ചികിത്സാ സൗകര്യങ്ങൾ വർദ്ധിക്കുകയും വിദഗ്ദ്ധ ഡോക്ടർമാരുടെ സേവനം ലഭ്യമാകുകയും ചെയ്യും. |
| (സി) എന്തെല്ലാം കേന്ദ്ര സഹായങ്ങളാണ് ഇതിന് ലഭിക്കുന്നത് ; വിശദമാക്കാമോ ; | (സി) മേൽപറഞ്ഞ പദ്ധതികൾക്ക് കേന്ദ്രസഹായം ഇതുവരെയും ലഭിച്ചിട്ടില്ല. |

**(P.T.O.)**

(ഡി) ഇതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ; വിശദാംശങ്ങൾ എന്തെല്ലാം ?

(ഡി) തിരുവനന്തപുരത്തെ പുതിയ മെഡിക്കൽ കോളേജിന് ശിലാസ്ഥാപനം നടത്തുകയും നടപ്പു സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ ഇതിലേയ്ക്കായി 6 കോടി രൂപ വകയിരുത്തുകയും ചെയ്തിട്ടുണ്ട്. മഞ്ചേരി മെഡിക്കൽ കോളേജിനായി പ്രിൻസിപ്പൽ ഉൾപ്പെടെ 108 തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്. മഞ്ചേരി മെഡിക്കൽ കോളേജിന് അംഗീകാരം ലഭിക്കുന്നതിനായി മെഡിക്കൽ കൗൺസിൽ ഓഫ് ഇന്ത്യയ്ക്ക് അപേക്ഷ സമർപ്പിച്ചിട്ടുണ്ട്. ഇടുക്കി മെഡിക്കൽ കോളേജിന് വേണ്ട സ്ഥലമെടുപ്പുൾപ്പെടെയുള്ള പ്രാരംഭ പ്രവർത്തനങ്ങൾ നടന്നുവരുന്നു.

സെക്ഷൻ ഓഫീസർ